പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം . 13 8.6.2015 ൽ മറുപടിയ്ക്ക്

ആലപ്പുഴ ജില്ലയിലെ മൂന്നാംഘട്ട ജനസമ്പർക്ക പരിപാടി

ചോദ്യം
ശ്രീ.ജി.സുധാകരൻ

മറുപടി
ശ്രീ.ഉമ്മൻ ചാണ്ടി
(മുഖ്യമന്ത്രി)

| | |
|---|---|
| എ) ആലപ്പുഴ ജില്ലയിൽ നടത്തിയ മൂന്നാംഘട്ട ജനസമ്പർക്ക പരിപാടിയിൽ എത്ര അപേക്ഷകൾ ലഭിച്ചു; ഏതെല്ലാം തരത്തിലുള്ള അപേക്ഷകളാണ് പരിഗണിച്ചത്; | എ) ആലപ്പുഴ ജില്ലയിൽ നടത്തിയ മൂന്നാംഘട്ട ജനസമ്പർക്ക പരിപാടിയിൽ 29,205 അപേക്ഷകൾ ലഭിച്ചു. ചികിത്സാസഹായം, എ.പി.എൽ-ബി.പി.എൽ, വികലാംഗർക്കുള്ള സഹായം, ക്ഷേമ പെൻഷനുകൾ തുടങ്ങിയ വിഷയങ്ങളിലുള്ള അപേക്ഷകളാണ് പരിഗണിച്ചത്. |
| ബി) എത്ര അപേക്ഷകളിൽ തീർപ്പുകല്പിച്ചു; എന്തു തുക വിവിധ ആനുകൂല്യങ്ങളായി നൽകി; വ്യക്തമാക്കാമോ; | ബി) ഓൺലൈനിൽ ലഭിച്ച 10,952 അപേക്ഷകളിൽ തീർപ്പുകൽപ്പിച്ചു. നേരിട്ട് ലഭിച്ച അപേക്ഷകളിൽ നടപടി സ്വീകരിച്ചു വരുന്നു. വിവിധ ആനുകൂല്യങ്ങൾക്കായി 10,17,42,000 രൂപ നല്കി. |
| സി) ഒന്നും രണ്ടും ഘട്ട ജനസമ്പർക്ക പരിപാടിയിൽ ആലപ്പുഴ ജില്ലയിൽ നിന്നും ലഭിച്ച അപേക്ഷകളിൽ എത്ര എണ്ണത്തിൽ ഇനിയും തീർപ്പു കല്പിക്കാനുണ്ട്; വിശദമാക്കാമോ; | സി) ഒന്നും രണ്ടും ഘട്ട ജനസമ്പർക്ക പരിപാടികളിൽ ലഭ്യമായ മുഴുവൻ അപേക്ഷകളും തീർപ്പുകല്പിച്ചു. |
| ഡി) മുഖ്യമന്ത്രി നിർദ്ദേശിച്ച ആനുകൂല്യങ്ങൾ പലർക്കും ഇതുവരെ ലഭ്യമായിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ഡി) ഇല്ല. |
| ഇ) മൂന്നാംഘട്ട ജനസമ്പർക്ക പരിപാടി ആലപ്പുഴ ജില്ലയിൽ സംഘടിപ്പിക്കുന്നതിന് എന്തു തുക ചെലവായി; വ്യക്തമാക്കാമോ; | ഇ) മൂന്നാംഘട്ട ജനസമ്പർക്ക പരിപാടി ആലപ്പുഴ ജില്ലയിൽ സംഘടിപ്പിക്കുന്നതിന് ചെലവായ തുക സംബന്ധിച്ച കണക്കുകൾ വിവിധ വകുപ്പുകളിൽ നിന്നും ശേഖരിച്ചു വരുന്നു. |
| എഫ്) മൂന്നാംഘട്ട ജനസമ്പർക്ക പരിപാടിയിൽ ആലപ്പുഴ ജില്ലയിൽ പുതുതായി എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് പ്രഖ്യാപിച്ചത്; അതിനായി എന്തു തുക നീക്കിവച്ചിട്ടുണ്ട്; വിശദമാക്കാമോ? | എഫ്) 21 പദ്ധതികൾ പ്രഖ്യാപിച്ചു. ആയതിന്റെ വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

<u>ആലപ്പുഴ ജില്ലയിൽ പ്രഖ്യാപിച്ച പദ്ധതികൾ</u>

ആലപ്പുഴ ജില്ലയുടെ അടിയന്തിര പ്രശ്നങ്ങൾക്ക് പരിഹാരമായി 21 പദ്ധതികൾ പ്രഖ്യാപിച്ചു. കടലാക്രമണത്തിൽ നിന്ന് തീരത്തെ സംരക്ഷിക്കുന്നതിനു മാത്രമായി 131.64 കോടി രൂപയുടെ പദ്ധതി ഇതിലുണ്ട്. ജില്ലയുടെ 79 കിലോമീറ്റർ തീരപ്രദേശത്ത് സ്ഥിരമായ സംരക്ഷണ ഭിത്തി നിർമ്മിക്കുന്നതിനായി അനുവദിച്ച 46.39 കോടി രൂപ ഉൾപ്പെടെയാണിത്. പുറക്കാട്ടും അർത്തുങ്കലും കടൽ ഭിത്തി നിർമ്മാണത്തിന് പ്രത്യേക പദ്ധതികളുണ്ട്. ഇതിനു പുറമേ ഹരിപ്പാട്, ആറാട്ടുപുഴ കടലാക്രമണ സംരക്ഷണ പ്രവൃത്തികൾ ഉടൻ തുടങ്ങും. ഇത് സംബന്ധിച്ച് വിദഗ്ധ പഠനം നടത്തുന്ന ചെന്നൈ ഐഐ.ടിക്ക് 65 ലക്ഷം രൂപ നൽകും. കോമളപുരം സ്പിന്നിംഗ് മിൽ തുറന്ന് പ്രവർത്തിക്കുന്നതിനായി 5.9 കോടി രൂപ നൽകും. കമ്പനി വേഗം തുറക്കാൻ നടപടിയെടുക്കും. കെ.എസ്.ഡി.പി.യിൽ നിന്ന് ആരോഗ്യ വകുപ്പ് കൂടുതൽ മരുന്നുകൾ വാങ്ങും. നവീകരണം കഴിഞ്ഞ് തുറക്കുന്ന മലബാർ സിമന്റ് കമ്പനിയിൽ നിന്ന് അന്നു തന്നെ വിൽപ്പനയും തുടങ്ങും. കിടപ്പാടമില്ലാത്തവർക്ക് വീട് നിർമ്മിച്ച് നൽകുന്നതിനായി ജില്ലാകളക്ടർ അധ്യക്ഷനായി 'ഭവന ഭാരതം' സഹകരണ സംഘം രൂപികരിക്കും. സന്നദ്ധ സംഘടനകളിൽ നിന്നും കമ്പനികളുടെ സാമൂഹിക ഉത്തരവാദിത്തനിധിയിൽ നിന്നും ഫണ്ട് സമാഹരിച്ച് പദ്ധതി നടപ്പിലാക്കും. ശബരിമലയുടെ ഇടത്താവളമായ ചെങ്ങന്നൂരിന്റെ സമഗ്രവികസനത്തെ ശുപാർശ ചെയ്യാൻ നഗര വികസന മന്ത്രാലയം വിദഗ്ധ സമിതി ചുമതലപ്പെടുത്തി. കടലാക്രമണം മൂലം വീടുകൾ നഷ്ടമാകുന്ന മത്സ്യത്തൊഴിലാളികൾക്ക് ഫിഷറീസ് വകുപ്പിന്റെ ധനസഹായത്തോടെ വീണ്ടും വീട് വച്ചു നൽകും. ഇക്കാര്യത്തിൽ നിലവിലുള്ള നിബന്ധനകളിൽ ഇളവു വരുത്തും. ഫിഷറീസ് ടെക്നിക്കൽ ഹൈസ്കൂളുകളിൽ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് മുഴുവൻ പ്രവേശനം നൽകിയതിനുശേഷം ബാക്കിയാവുന്ന സീറ്റുകളിൽ മറ്റുള്ളവർക്കും പ്രവേശനം നൽകും. എന്നാൽ ഇത്തരത്തിൽ പ്രവേശിക്കപ്പെടുന്നവരെ മത്സ്യത്തൊഴിലാളികൾക്കുള്ള മറ്റ് ആനുകൂല്യങ്ങൾക്കൊന്നും പരിഗണിക്കില്ല. പുറക്കാട്, പുന്നപ്ര മേഖലയിൽ കടലാക്രമണത്തിൽ വീട് നഷ്ടമായ 20 കുടുംബങ്ങൾക്ക് തോട്ടപ്പള്ളിയിലെ സർക്കാർ ഭൂമിയിൽ മൂന്ന് സെന്റ് വീതം നൽകും. ഫിഷറിസ്

...2

വകുപ്പിന്റെ ധനസഹായത്തോടെ ഇവർക്ക് വീട് നിർമ്മിച്ചു നൽകും. കൊല്ലം-കോട്ടപ്പുറം ജലപാത കമ്മീഷൻ ചെയ്യുന്നതിന് മുന്നോടിയായി കായംകുളം കായലിലെ ചീനവലകൾ മത്സ്യത്തൊഴിലാളികളുടെ സഹകരണത്തോടെ നീക്കം ചെയ്യും. കായംകുളം പൊഴിയിലെ മണ്ണ് നീക്കം ചെയ്യാൻ 50 ലക്ഷം രൂപ അനുവദിച്ചതായും ആലപ്പാട് ആറാട്ടുപുഴ ജങ്കാർ സർവീസ് ഉടൻ തുടങ്ങുമെന്നും പ്രഖ്യാപിക്കുകയുണ്ടായി. തുറവൂർ മേഖലയിലെ 1,500 പടക്ക നിർമ്മാണ തൊഴിലാളികളുടെ സംരക്ഷണവും തൊഴിലും ഉറപ്പാക്കാനായി ശിവകാശി മാതൃകയിൽ സബ് കളക്ടറുടെ നേതൃത്വത്തിൽ സഹകരണ സംഘം സ്ഥാപിക്കും. കൊയ്ത്തുമെതിയന്ത്രം ആവശ്യത്തിനില്ലെന്നുള്ള പരാതിയുള്ള കുട്ടനാടൻ കൃഷിമേഖലയ്ക്ക് പുതിയ 50 മെതിയന്ത്രം കൂടി വാങ്ങും. നിലവിൽ കെയ്കോയുടെ പക്കലുള്ള 45 യന്ത്രം പാടശേഖര സമിതിക്ക് കൈമാറുമെന്നും പമ്പിംഗ് സബ്സിഡി കുടിശികയായുള്ള 4.5 കോടി രൂപ ഉടൻ അനുവദിക്കുമെന്നും പ്രഖ്യാപനമുണ്ടായി. നെല്ല് സംഭരണത്തിൽ ഏപ്രിൽ മുതലുള്ള കുടിശിക എത്രയും വേഗം കൊടുത്തുതീർക്കും. 1.30 രൂപ നൽകി തൊണ്ടു സംഭരണം നടത്തുമെന്നും തൊഴിലാളികൾക്ക് കൂടി പ്രയോജനം ലഭ്യമാക്കും വിധമായിരിക്കും പദ്ധതി നടപ്പാക്കുകയെന്നും, കുഞ്ചൻ നമ്പ്യാർ സ്മാരകം, 29 കോടി രൂപയുടെ മുണ്ടക്കൽ പാലത്തിനുള്ള ഭരണ -സാങ്കേതികാനുമതി ഗുണ നിലവാരമുള്ള കുടിവെള്ളം വിതരണം ചെയ്യുന്നതിനുള്ള പദ്ധതിയും എന്നിവയും മുഖ്യമന്ത്രിയുടെ പ്രഖ്യാപനത്തിലുണ്ട്. കുടിവെള്ളം കൊണ്ടുപോകുന്ന പദ്ധതിയിലെ കരാറുകാരുടെ 16 കോടി രൂപയുടെ കുടിശിക ഉടൻ നൽകും. ആറാട്ടുപുഴ സുനാമി പ്രവർത്തനത്തിന്റെ അവസാന ഘട്ടത്തിനായി ജില്ലാ കളക്ടർ നൽകിയ 11.03 കോടി രൂപയുടെ പദ്ധതിയും നേരേകടവ് പാലം നിർമ്മാണവും സർക്കാരിന്റെ പരിഗണയിലാണ്.

സാമൂഹ്യമാറ്റത്തിന് നാന്ദികുറിച്ച ആർ ബ്ലോക്കിലെ ഭൂമി വിതരണത്തിൽ ഉണ്ടായ പ്രശ്നത്തിന് ശാശ്വത പരിഹാരം മുഖ്യമന്ത്രി പ്രഖ്യാപിച്ചു. നേരത്തെ ആർ ബ്ലോക്കിൽ 217 പേർക്ക് മിച്ചഭൂമിയായി എടുത്ത് നൽകിയ ഭൂമി അവർ പോലുമറിയാതെ നഷ്ടപ്പെട്ടിരുന്നു. എല്ലാ നിയമനടപടികളും പാലിച്ച് സർക്കാർ ആ ഭൂമി തിരിച്ചെടുക്കുകയും അർഹരായ 217 പേർക്ക് തിരികെ നൽകുകയും ചെയ്യുമെന്ന് പ്രഖ്യാപിക്കുകയുണ്ടായി.

Kuriakh
സെക്ഷൻ ഓഫീസർ